# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3259 — 19/06/2019-ൽ മറുപടിയ്ക്ക്

## ലൈഫ് മിഷൻ ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി<br>ശ്രീമതി.സി.കെ.ആശ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | കേന്ദ്ര സർക്കാർ സ്ഥാപനമായ ഹൗസിംഗ് ആന്റ് അർബൻ ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ (ഹഡ്കോ) നിന്നും ലൈഫ് പദ്ധതിക്ക് വായ്പ ലഭ്യമായിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കുമോ; | എ) | ഉണ്ട്. ലൈഫ് മിഷന്റെ രണ്ടാംഘട്ട പദ്ധതിയായ ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണത്തിനായി ഹഡ്കോയിൽ നിന്നും 3000 കോടി രൂപ ഗ്രാമീണ മേഖലയിലേക്കും 1000 കോടി രൂപ നഗര മേഖലയിലേക്കും ഉള്ള വായ്പാ സംവിധാനമാണുള്ളത്. |
| ബി) | ഹഡ്കോയുടെ കർശനവ്യവസ്ഥകൾ പാലിച്ചുകൊണ്ട് സംസ്ഥാനസർക്കാരിന് ഈ വായ്പാ പദ്ധതി എത്രത്തോളം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയും; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) | ലൈഫ് മിഷന്റെ രണ്ടാംഘട്ട പദ്ധതിയിൽപ്പെടുന്ന ഗ്രാമീണ മേഖലയിലെ 1,36,000 ഗുണഭോക്താക്കൾക്കും നഗര മേഖലയിലെ 50000 ഗുണഭോക്താക്കൾക്കും ഹഡ്കോ വായ്പയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. |
| സി) | ഹഡ്കോയുടെ ആദ്യഗഡു വായ്പ ലഭ്യമായിട്ടുണ്ടോ;ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു പൂർണ്ണമായും നൽകാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടോ;വ്യക്തമാക്കുമോ; | സി) | ഉണ്ട്. ഹഡ്കോ മൂന്ന് ഗഡുക്കളായി ആകെ 1125 കോടി രൂപ ഗ്രാമീണ മേഖലയിലെ ഗുണഭോക്താക്കൾക്കും നഗരമേഖലയിൽ രണ്ട് ഗഡുക്കളായി 400 കോടി രൂപയും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ആദ്യ ഗഡുവിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ടാം ഗഡു വിതരണം ചെയ്തിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് രണ്ടാം ഗഡു വിതരണം ചെയ്യുന്നതാണ്. |
| ഡി) | ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ മുഴുവൻ അപേക്ഷകർക്കും ധനസഹായം ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള | ഡി) | ഹഡ്കോയിൽ നിന്നുള്ള വായ്പ വിഹിതവും, സംസ്ഥാന വിഹിതവും, തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും ചേർത്ത് അർഹരായ മുഴുവൻ ഭവന ഗുണഭോക്താക്കൾക്കും |

| | | | |
|---|---|---|---|
| | നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | | പൂർത്തീകരണത്തിനായി 4 ലക്ഷം രൂപ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | 2016-ൽ ആരംഭിച്ച ലൈഫ് ഭവനപദ്ധതിയിൽ ആദ്യ വർഷം ലക്ഷ്യമിട്ട വിവിധ പദ്ധതികളിൽ മുടങ്ങിയ വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചോ; വിശദമാക്കുമോ? | ഇ) | ഒന്നാംഘട്ടം പൂർത്തീകരിക്കുവാനുണ്ടായിരുന്ന 54497 ഭവനങ്ങളിൽ 50551 എണ്ണം പൂർത്തീകരിച്ചു (93%). ബാക്കിയുള്ള 3946 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ